നമ്പർ സി.ജി(1)27132/2016

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം .തീയതി -27.9.2016

Website. www.cooperation.kerala.gov.in
e-mail:- keralrcs@gmail.com

## സർക്കുലർ നമ്പർ 37/2016

വിഷയം- പ്രാഥമിക കാർഷിക വായ്പാസഹകരണസംഘങ്ങൾ/ബാങ്കുകൾ മുഖേനയുള്ള കാർഷികവായ്പാവിതരണം-കാർഷികോൽപാദനം വർദ്ധിപ്പിക്കൽ-സർക്കാർ സബ്സിഡി പ്രയോജനപ്പെടുത്തുന്നത്-സംബന്ധിച്ച്-

സൂചന - 1. സഹകരണസംഘം രജിസ്ട്രാറുടെ 4/2007, 90/2011,15/2013, 51/2014 നമ്പർ സർക്കുലറുകൾ

2. സർക്കാർ ഉത്തരവ്(കൈ)നമ്പർ 60/2011/സഹ.തീയതി--28.3.2011

3. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.7.2016ന് കൂടിയ ഉന്നതതല യോഗതീരുമാനം

(1) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾ/ ബാങ്കുകൾ വഴി ഹ്രസ്വകാല കാർഷികവിള വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ട്. ടി വായ്പാതുകയുടെ 35 ശതമാനം നബാർഡിന്റെ പുനർവായ്പയായും ബാക്കി തുക സംസ്ഥാന/ജില്ലാസഹകരണ ബാങ്കുകളുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചുമാണ് നൽകുന്നത്. ഇത്തരം വായ്പകൾ 7 ശതമാനം പലിശ നിരക്കിലാണ് നൽകുന്നത്. ഈ വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് കേന്ദ്രസർക്കാർ 3 ശതമാനം പലിശ സബ്വെൻഷൻ(ഇളവ്) നബാർഡ് മുഖാന്തിരം നൽകുന്നുണ്ട്. കൂടാതെ ചെറുകിട നാമമാത്ര കർഷകരാണെങ്കിൽ (പരമാവധി 2 ഹെക്ടർ വരെ കൃഷിഭൂമിയുള്ളവർ)മേൽ ഇളവിനു പുറമേ സംസ്ഥാനസർക്കാരിന്റെ 4 ശതമാനം പലിശ ഇളവും ലഭിക്കുന്നതാണ്. ഇത്തരം വായ്പകൾ പച്ചക്കറി കൃഷി നടത്തുന്നതിനും അനുവദനീയമാണ്. നെൽക്കൃഷിക്കായി ഇത്തരം വായ്പ എടുക്കുകയും ടി വായ്പ കൃത്യമായി തിരിച്ചടയ്ക്കുകയാണെങ്കിൽ മൊത്തം പലിശ ബാധ്യത സർക്കാർ വഹിക്കുന്നതിനായി സൂചന(2) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

2. ഓരോ പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളും/ബാങ്കുകളും മേൽപ്രകാരം വിതരണം ചെയ്യുന്ന കാർഷികവായ്പയും മദ്ധ്യകാല കാർഷിക വായ്പയും കൂടി മൊത്തം വായ്പാതുകയുടെ 25ശതമാനത്തിൽ കുറയരുതെന്നും മാത്രമല്ല, ആയത് 40 ശതമാനമായി വർദ്ധിപ്പിക്കുന്നതിന് ഓരോ ബാങ്ക് ഭരണ സമിതിയും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് കാർഷികോൽപ്പാദനത്തിനും കാർഷിക വായ്പാ വിതരണത്തിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞി ട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. സൂചന (3) പ്രകാരം, പച്ചക്കറി ഉൾപ്പെടെയുള്ള കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനും, കൃഷി വ്യാപിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരി ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പഞ്ചായത്ത്, കൃഷി, സഹകരണവകുപ്പുക ളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും പച്ചക്കറികൃഷി, പ്രത്യേകിച്ച് വിഷരഹിത പച്ചക്കറി കൃഷി, നെൽക്കൃഷി ഉൾപ്പെടെയുള്ള കാർഷികവിളകളുടെ വ്യാപനത്തിനു മായി ലഭ്യമാകുന്ന തരിശുഭൂമി ഉൾപ്പെടെ കണ്ടെത്തുന്നതിനും, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മുഖേനയും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനും ആയതിന് മതി യായ കാർഷികവായ്പ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(എ) ഓരോ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘവും/ബാങ്കും മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാതെ കാർഷികവായ്പ (7ശതമാനം പലിശയിൽ അധികരിക്കാതെ) നൽകിയിരിക്കണമെന്ന നിലവിലുള്ള വ്യവസ്ഥ കൃത്യ മായും പാലിക്കേണ്ടതും ആയത് 40 ശതമാനമായി ഉയർത്തുവാൻ ശ്രമിക്കേണ്ടതുമാ ണ്. ഇക്കാര്യത്തിൽ മുകളിൽ ഖണ്ഡിക(1) പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷകർ ക്ക് ലഭ്യമാകുന്നതിന് സഹകരണസംഘങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

(ബി) സംസ്ഥാനത്ത് ആഭ്യന്തര പച്ചക്കറികൃഷി വർദ്ധിപ്പിക്കുന്നതിനും വിഷ മുക്തമായ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷി, വീട്ടുവളപ്പിൽ പച്ചക്കറിക്കൃഷി, മട്ടുപ്പാ വിൽ പച്ചക്കറികൃഷി, തരിശുഭൂമിയിലെ പച്ചക്കറികൃഷി എന്നിവയ്ക്കായി കർഷ കർക്കും സ്വയം സഹായസംഘങ്ങൾ/കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവർക്കും ആവശ്യമായ കാർഷികവായ്പകൾ വിതരണം ചെയ്യുന്നതിന് ടി സംഘങ്ങൾ/ബാങ്കു കൾ പ്രത്യേകനടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) നബാർഡ് പുനർവായ്പ ലഭിച്ചില്ലെങ്കിലും ടി സംഘങ്ങൾക്ക്/ബാങ്കുകൾക്ക് സ്വന്തം ഫണ്ടിൽ നിന്നും 7 ശതമാനം നിരക്കിൽ ഇത്തരം വായ്പകൾ വിതരണം ചെയ്യാവുന്നതാണ്. ടി സംഘങ്ങൾക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 2 ശതമാനം പലിശ സബ് വെൻഷൻ(ഇളവ്) നേരിട്ട് ലഭിക്കുന്നതാണ്. ഇതിനായി ജില്ലാ ബാങ്കുകൾ മുഖേന നബാർഡിൽ നിന്നും ക്ലെയിം ചെയ്യാവുന്നതാണ്. .

(ഡി) മുകളിൽ ഖണ്ഡിക എ, ബി, സി പ്രകാരം വായ്പയെടുത്ത കർഷകർക്ക് വിവിധ പദ്ധതികൾ പ്രകാരം പഞ്ചായത്ത്, കൃഷിവകുപ്പ്, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന ധനസഹായം വായ്പക്കാർക്ക് ലഭ്യമാക്കുന്നതിന് സഹകരണസംഘങ്ങൾ പ്രത്യേകതാൽപ്പര്യം കാണിക്കേണ്ടതാണ്.

(ഇ) കാർഷിക വായ്പാ തോത് ഉയർത്തുന്നതിനായി കാർഷിക അനുബന്ധ വായ്പകൾ(മദ്ധ്യകാലവായ്പകൾ) അംഗങ്ങൾക്ക് അനുവദിക്കാവുന്നതാണ്. ആയതിനായി ആവശ്യമുള്ള പക്ഷം ബൈലായിലോ, ഉപനിബന്ധനകളിലോ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സംഘങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
എസ്.ലളിതാംബിക.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
   (എല്ലാപ്രാഥമിക കാർഷിക വായ്പാസംഘങ്ങളുടേയും
   ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി)
2. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
3. ജനറൽ മാനേജർ, എല്ലാ ജില്ലാസഹകരണ ബാങ്കുകൾക്കും
4. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം
5. വെബ്സൈറ്റ്/ സഹകരണവീഥി

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)